STD : 7
മലയാളം കേരളപാഠാവലി

# INDEX

| Name : DIVYA. M | Class: | Div: |
|---|---|---|
| Subject: MALAYALAM I | Roll No: | |



| S.No. | Date | Title | PageNo. | Teacher's Sign/Remarks |
|---|---|---|---|---|
| 1. | | യൂണിറ്റ് 1<br>ഇളംകാറ്റു തെല്ലൊന്നു തൊട്ടെന്നുവന്നാൽ | 2 | |
| 2 | | chapter 1<br>ഭൂമിക്കുവേണ്ടിയൊരു ലാവണ്യ... | 4 | |
| 3 | | ജീവചരിത്രക്കുറിപ്പ് : സുഗതകുമാരി | 10 | |
| 4 | | പരീക്ഷക്കു വരാൻ സാധ്യതയുള്ള പ്രവർത്തനങ്ങൾ | 16 | |
| 5 | | ആസ്വാദനക്കുറിപ്പ് - | 18 | |
| 6 | | ഒരു ദിനാന്തസഞ്ചാരം | 21 | |
| 7 | | ജീവചരിത്രക്കുറിപ്പ് : വള്ളത്തോൾ | 31 | |
| 8 | | മനസ്സിലെ കിളി | 33 | |
| 9 | | കൂടുതൽ പ്രവർത്തനങ്ങൾ | 38 | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

DM



## യൂണിറ്റ് 1
## ഇളം കാറ്റ് തെല്ലൊന്നു തൊട്ടൊന്നുവന്നാൽ

X —— X  X —— X

### യൂണിറ്റ് പ്രവേശകം

ജി. കുമാരപിള്ളയുടെ വനപർവ്വം എന്ന കവിതയിലെ പ്രധാനആശയം മഴ ഭൂമിയിൽ നടത്തുന്ന ഇന്ദ്രജാലമാണ്. ഉണങ്ങിച്ചുരുണ്ടും കരിഞ്ഞും ചൂടുകൊണ്ട് മൊരിഞ്ഞും ദ്രവിച്ചുടർന്നു വീഴാനിരിക്കുന്ന മരക്കൊമ്പു കാണുമ്പോൾ വലിയ വിഷമം തോന്നിയ ~~തോന്നാറുണ്ട്. മഴക്കാറ്~~ കൊണ്ട് മഴത്തുള്ളി ~~ഉണ്ടാകുന്നു~~ ആ ഉണങ്ങിയ മരച്ചുവട്ടിലെവിടെയോ, മഴത്തുള്ളി വീണു. ആ ~~ഒരു~~ നിമിഷം മുതൽ വേരുകൾ ~~ആ~~ ജീവന്റെ സന്ദേശം മരത്തിന്റെ സിരകളിലാകെ പടർത്തി. ആ മാറ്റത്തെയാണ് മഴത്തുള്ളിയുടെ വലിയ ഇന്ദ്രജാലം എന്നു പറഞ്ഞിരിക്കുന്നത്. മഴത്തുള്ളി തൊട്ടപ്പോൾ മരിക്കാനിരുന്ന മരക്കൊമ്പുകളിലാകെ ചെറിയ ചെറിയ

പൊടിപ്പുകളും തളിരുകളും മുളച്ചു. ഈ അത്ഭുതകരമായ മാറ്റത്തെയാണ് കവിതയിൽ പറഞ്ഞിരിക്കുന്നത്.

കവിതയിലെ ആശയം മനോഹരമായി ആ ചിത്രത്തിൽ വർണ്ണിച്ചിട്ടുണ്ട്.



ഭൂമിക്കു വേണ്ടിയൊരു ലാവണ്യദൃശ്യോത്സവം

മുൻമൊഴി - സുഗതകുമാരി

X ——— X

പദപരിചയം

* ലാവണ്യം - മനോഹരം
* ദൃശ്യം - കാഴ്ച
* പന്തീരാണ്ട് - പന്ത്രണ്ടു വർഷം
* നിറഞ്ഞുലാവി - നിറഞ്ഞുകവിഞ്ഞ് കാറ്റത്തുലയുക
* നീലക്കടൽ - നീലനിറത്തിലുള്ള കടൽ
* പൂക്കടൽ - പൂവിന്റെ കടൽ
* മന്ദ്രസമായി - ഒരേ താളത്തിലുള്ള/ ഒന്നിച്ചുള്ള
* ചിറകിളക്കം - ചിറകിന്റെ ഇളക്കം
* മധുരസ്വരം - മധുരമായ ശബ്ദം
* ചോല - അരുവി

DM



* മനോജ്ഞം - മനോഹരം
* വൈവിധ്യപൂർണ്ണം - വ്യത്യസ്തമായ
* കുറിഞ്ഞിത്തേൻ - കുറിഞ്ഞിപ്പൂക്കളുടെ തേൻ
* ജൈവലോകം - ജീവിവർഗ്ഗങ്ങളുടെ ലോകം.
* മെയ്യ് - ശരീരം
* മഞ്ഞപ്പൂമ്പൊടി - മഞ്ഞനിറത്തിലുള്ള പൂമ്പൊടി
* അനിർവചനീയം - നിർവചിക്കാൻ കഴിയാത്തത്

കാഹളം - വലിയ ശബ്ദം

* പരിമളം - സുഗന്ധം, മണം
* ആഹ്ലാദം - സന്തോഷം.
* കുമ്പി - അടഞ്ഞത്
* സൗന്ദര്യലോകം - മനോഹാരിത നിറഞ്ഞ ലോകം
* നിശ്ശബ്ദം - ശബ്ദമില്ലാത്ത



വായിക്കാം കണ്ടെത്താം

P-9

1. മൂന്നാർ മലനിരകളിലെ പൂക്കളുടെ നൃത്തത്തിൽ എന്തെല്ലാമാണുള്ളത്?

ഉ. സുഗതകുമാരിയുടെ ലേഖനം മൂന്നാർ മലനിരകളിൽ വിരിഞ്ഞു നിൽക്കുന്ന കുറിഞ്ഞിപ്പൂക്കളുടെ ഭംഗി വിവരിക്കുന്നു. കുറിഞ്ഞിപൂക്കളുടെ നൃത്തത്തിന് സംഗീതമുണ്ട്. ആയിരത്തിന് വണ്ടുകളുടെയും തേനീച്ചകളുടെയും ചെറിയ ശബ്ദത്തിലുള്ള മൂളൽ. തുമ്പികളുടെയും ചിത്രശലഭങ്ങളുടെയും ചിറകിളക്കങ്ങളും! അവയുടെ താളമുണ്ട്. അവിടെ ഇളംകാറ്റിന്റെ തഴുകലുണ്ട്. ആരുടേയോ മധുരസ്വരത്തിലുള്ള ചിരികളുണ്ട്. വനദേവതകളാവാം, ചോലകളാവാം. നമ്മുടെ ചുറ്റും മനോഹരമായ ജൈവലോകം ഉത്സവം കൊണ്ടാടുകയാണ്.

2. എഴുത്തുകാരി എല്ലാം മറന്നു നിന്നുപോയത് എന്തെല്ലാം കണ്ടിട്ടായിരുന്നു?

2. സുഗതകുമാരിയുടെ ലേഖനം പ്രകൃതിയിലെ മനോഹരദൃശ്യത്തിന്റെ വർണ്ണന കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. മനോഹരവും വൈവിധ്യപൂർണ്ണവുമായ ഒരു ജൈവലോകം ഉത്സവം കൊണ്ടാടുന്ന കാഴ്ച സുഗതകുമാരി നമുക്കു മുന്നിൽ അവതരിപ്പിക്കുന്നു. പന്ത്രണ്ടു വർഷം കൂടുമ്പോൾ പൂക്കുന്ന കുറിഞ്ഞിപ്പൂക്കൾക്കു ചുറ്റും കുറിഞ്ഞിത്തേൻ നുകർന്നുനുകർന്ന് ലഹരിപിടിച്ച വണ്ടുകൾ ആ ഇതളുകളിൽത്തന്നെ ചേർന്നുറങ്ങുന്നതു കാണാം. അവയുടെ നീലക്കറുപ്പുമെയ്യാകെ വെണ്ണപ്പൂമ്പൊടി പൂശിയിരിക്കുന്നു. വായുവിലാകെ അനിർവചനീയമായൊരു പരിമളം നിറഞ്ഞുവിലസുന്നു. ആ വലിയ മലഞ്ചെരിവുകൾ മുഴുവൻ വസന്തം വന്നുനിന്ന് ആഹ്ലാദനൃത്തം ചവിട്ടുന്നതുപോലെ തോന്നുന്നു. കണ്ണുകൾ കൂമ്പി ആ സൗന്ദര്യലോകത്തിൽ കവയത്രി എല്ലാം മറന്ന് ഏറെ നേരം നിന്നുപോയി



3. കുറിഞ്ഞിച്ചെടികൾ നീണ്ട തപസ്സിലാണ് - എന്നു പറയാൻ കാരണമെന്ത്?

→ കേരളത്തിന്റെ കിഴക്കൻ മലകളുടെ മടിത്തട്ടിൽ പന്ത്രണ്ടുവർഷം കൂടുമ്പോൾ പൂക്കുന്ന കുറിഞ്ഞിപ്പൂക്കൾ വിടർന്നു വിലസുന്ന കാഴ്ചയിലേക്കാണ് സുഗതകുമാരി നമ്മെ നയിക്കുന്നത്. ആ സൗന്ദര്യലോകത്തിൽ എല്ലാവരേയും വിസ്മയിപ്പിച്ചുകൊണ്ട് നീലക്കടൽ നിശബ്ദമാകും. വീണ്ടും പന്ത്രണ്ടു കൊല്ലം കഴിയും വരെ കുറിഞ്ഞിച്ചെടികൾ നീണ്ട തപസ്സിലാണ്. മണ്ണിൽ വിത്തെറിഞ്ഞ് അവ വസന്തത്തെ കാത്തുകിടക്കുന്നതിനാലാണ് കുറിഞ്ഞിച്ചെടികൾ നീണ്ട തപസ്സിലാണ് എന്നു പറയുന്നത്.

4. "ഈ മനോഹാരിത നമുക്കു വേണ്ടിയല്ല."
— പിന്നെ ആർക്കൊക്കെ വേണ്ടിയാണ്?

→ പ്രകൃതിയിലെ മനോഹരദൃശ്യങ്ങൾ മനുഷ്യർ മാത്രമല്ല ആസ്വദിക്കേണ്ടതെന്ന് സുഗതകുമാരി പറയുന്നു. മലഞ്ചെരിവുകളിൽ ഉത്സവത്തിന്റെ കേളികൊട്ട് മുഴങ്ങുമ്പോൾ അതാർക്കു വേണ്ടിയാണ് എന്ന് ഈ ലേഖിക ചോദിക്കുന്നു. എന്തായാലും ഒന്നറിയാം, എല്ലാം നശിപ്പിക്കുന്നവർക്കു വേണ്ടിയല്ല. പ്രകൃതിയെ പൂജിക്കുന്നവർക്കു വേണ്ടി- പ്രകൃതിക്കു വേണ്ടി കാത്തിരിക്കുന്ന സമസ്തജീവജാലങ്ങൾക്കും വേണ്ടിയാണ് ഈ മനോഹാരിത. മനുഷ്യർ മാത്രം ഉടമസ്ഥാവകാശം സ്ഥാപിച്ച് നശിപ്പിക്കാനുള്ളതല്ല ഈ ഭൂമിയിലെ സൗന്ദര്യം എന്നാണ് ഈ ലേഖനത്തിന്റെ സന്ദേശം.



## ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

× ×

## സുഗതകുമാരി (1934-2020)

കേരളത്തിലെ ഒരു പ്രശസ്തയായ കവയത്രിയായിരുന്നു സുഗതകുമാരി. പരിസ്ഥിതി സ്ത്രീ പ്രശ്നങ്ങളിലെ സജീവസാന്നിധ്യമായിരുന്നു അവർ. അനാഥസംരക്ഷണം, പ്രകൃതിസംരക്ഷണം എന്നീ പ്രവർത്തനങ്ങളിൽ ഏറെ ശ്രദ്ധ നേടിയ കവയത്രിയായ സുഗതകുമാരി ഒട്ടേറെ സാംസ്കാരിക സദസ്സുകളിലും ജനകീയ വേദികളിലും സജീവസാന്നിധ്യമായിരുന്നു. അനാഥരായ സ്ത്രീകൾക്കും പെൺകുട്ടികൾക്കും അഭയമൊരുക്കുന്ന "അഭയ" സ്ഥാപിക്കുന്നതിന് മുൻകൈയെടുത്തത് സുഗതകുമാരിയായിരുന്നു.

മുത്തുച്ചിപ്പി, സ്വപ്നഭൂമി, പാതിരാപ്പൂക്കൾ, പാവം മാനവഹൃദയം, പ്രണാമം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി എന്നിവയാണ് കൃതികൾ

കേരളസാഹിത്യ അക്കാദമി
അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി
അവാർഡ്, ഓടക്കുഴൽ അവാർഡ്,
വയലാർ അവാർഡ്, എഴുത്തച്ഛൻ
പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്
പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള
ഇന്ദിര വൃക്ഷമിത്ര അവാർഡ്
തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

## മാറ്റിയെഴുതാം

- മനോഹരദൃശ്യം - മനോഹരമായ ദൃശ്യം
- ലാവണ്യദൃശ്യോത്സവം - ലാവണ്യം നിറഞ്ഞ ദൃശ്യോത്സവം.
- ചെറുചോല - ചെറിയതായ ചോല
- പച്ചക്കടൽ - പച്ചകൊണ്ടുള്ള കടൽ
- നീലക്കടൽ - നീലനിറമുള്ള കടൽ



- മഞ്ഞപ്പൂമ്പൊടി - മഞ്ഞ നിറമുള്ള പൂമ്പൊടി
- മലഞ്ചെരിവ് - മലയുടെ ചരിവ്
- ചിറകിളക്കങ്ങൾ - ചിറകിന്റെ ഇളക്കങ്ങൾ
- കുറിഞ്ഞിത്തേൻ - കുറിഞ്ഞിയുടെ തേൻ
- ആഹ്ലാദനൃത്തം - ആഹ്ലാദത്തിന്റെ നൃത്തം
- വിസ്മയദൃശ്യം - വിസ്മയിപ്പിക്കുന്ന ദൃശ്യം
- മധുരസ്വരം - മധുരമായ സ്വരം
- പച്ചച്ചുമിന്നുന്ന - പച്ചനിറത്തോടെ തിളങ്ങുന്ന
- നീലക്കറുപ്പ് മെയ്യ് - നീലനിറമാർന്നും കറുപ്പുനിറമാർന്നുമുള്ള ശരീരത്തെ

P.10

## ഉൾത്തുചേർന്നു വളരുമ്പോൾ

തലസ്ഥാന നഗരിയിൽ വസന്തോത്സവം- ഈ വാർത്തയെക്കുറിച്ച് ചർച്ച ചെയ്യുക. ഇത്തരം ഉത്സവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അഭിപ്രായക്കുറിപ്പ് എഴുതുക

→ നമ്മൾ പലതരം ഉത്സവങ്ങൾക്ക് പോകാറുണ്ട്. എല്ലാ ഉത്സവങ്ങളും മനസ്സിന് ആനന്ദം തരുന്നവയാണ്. എല്ലാവർക്കും പലതരം പൂക്കൾ കാണാനും ആസ്വദിക്കാനുമുള്ള സാഹചര്യം വസന്തോത്സവങ്ങളിലും പുഷ്പോത്സവങ്ങളിലും ഒരുക്കാറുണ്ട്. തലസ്ഥാനമായ തിരുവനന്തപുരത്ത് പുഷ്പോത്സവം ഒരുക്കിയ വാർത്തയാണ് കൊടുത്തിട്ടുള്ളത്. ഭൂമിയുടെ ജൈവവൈവിധ്യത്തിലെ ഒരു വിഭാഗമായ പൂക്കളുടെ മനോഹാരിതയും വ്യത്യസ്തതയും വിളിച്ചറിയിക്കുന്ന ഇത്തരം ഉത്സവങ്ങൾ പ്രകൃതിസ്നേഹം വർധിപ്പിക്കുകയും മണ്ണിനെ സംരക്ഷിക്കണമെന്ന് അറിയാൻ സഹായിക്കുകയും ചെയ്യും.



P. 11

9 നിങ്ങളുടെ സ്കൂളിലെ പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുഷ്പോത്സവം സംഘടിപ്പിക്കുക.

↓

പുഷ്പോത്സവത്തിന് ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് തയ്യാറാക്കുക.

→

പ്രിയ സുഹൃത്തുക്കളെ,

കണ്ണിന് പുത്തൻ വിരുന്നേകാൻ റോട്ടറിക്ലബ്ബ് ഒരുക്കുന്ന പുഷ്പോത്സവം ടൗൺഹാൾ പരിസരത്ത് 18-9-2024 ... മുതൽ ആരംഭിക്കുന്നു. കോർപ്പറേഷൻ മേയർ ..... ഉദ്ഘാടനം ചെയ്യുന്നു. ഡിവിഷണൽ കൗൺസിലർ...., നഗരസഭ വൈസ് ചെയർമാൻ....., പ്രശസ്ത സിനിമാതാരങ്ങൾ, വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുക്കുന്ന ഈ പുഷ്പോത്സവം നിങ്ങളുടെ പങ്കാളിത്തം കൊണ്ട് വിജയിപ്പിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു

സെക്രട്ടറി

റോട്ടറിക്ലബ്ബ് പ്രസിഡന്റ്

Place, Date

P.11 നിങ്ങൾ സംഘടിപ്പിച്ച പുഷ്പോത്സവത്തെക്കുറിച്ച് പത്രവാർത്ത തയ്യാറാക്കുക

സ്ഥലം & Photo | "ആനന്ദപ്പൂക്കള"

തൃശ്ശൂർ വിവേകോദയം ബോയ്സ് ഹൈസ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ പുഷ്പോത്സവം സംഘടിപ്പിച്ചു. സ്കൂൾ ഹെഡ്മാസ്റ്റർ എം. ജി സജ്ജീവ്, പരിസ്ഥിതിക്ലബ്ബ് അംഗങ്ങൾ ചുമതല വഹിക്കുന്ന രമ്യ ടീച്ചർ, സ്കൂൾ ലീഡർ സഞ്ജയ്, പൂന്തോട്ടമൊരുക്കാൻ നേതൃത്വം നൽകിയ ഏഴാംക്ലാസ്സിലെ കുട്ടികൾ എന്നിവർ ചേർന്നാണ് പുഷ്പോത്സവം സംഘടിപ്പിച്ചത്. സ്കൂൾ മുറ്റത്ത് നിരന്നുനിൽക്കുന്ന വിവിധതരം പൂക്കൾ കാണാൻ ധാരാളം സന്ദർശകർ എത്തുന്നുണ്ട്. വീടുകളിൽ വളർത്തുന്ന ചെടികളും വ്യത്യസ്തയിനം കടലാസുപൂക്കൾ, ചെണ്ടുമല്ലി, ഡാലിയ എന്നീ പൂക്കളും പുഷ്പമേളക്ക് ആകർഷണം കൂട്ടുന്നു. പുഷ്പമേള അടുത്തയാഴ്ച സമാപിക്കും.



പരീക്ഷക്ക് വരാൻ സാധ്യതയുള്ള പ്രവർത്തനങ്ങൾ

* പരിസ്ഥിതിയുടെ ഭംഗിയും, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും വിഷയമായ ഒരു കവിതക്ക് ആസ്വാദനം തയ്യാറാക്കാൻ പറഞ്ഞേക്കാം. സുഗതകുമാരിയുടെ ലേഖനം പഠിക്കാനുള്ള സ്ഥിതിക്ക് കവയിത്രിയുടെ കവിത ചോദിച്ചേക്കാം

* പരിസരമലിനീകരണം, ചൂഷണം എന്നിവക്ക് ഉദാഹരണം തന്നിട്ട് അതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം ചോദിച്ചേക്കാം.

* പരിസ്ഥിതിദിന പോസ്റ്റർ തയ്യാറാക്കാൻ പറയാം

* നിങ്ങൾ സന്ദർശിച്ച സ്ഥലത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ഒരുകത്ത് എഴുതാൻ പറയാം.

* ~~ഒരു [illegible]~~

Question Paper Pattern
for STD 7, Mal I & II



6 പ്രവർത്തനങ്ങളാണ്
ചോദ്യപേപ്പറിൽ ഉണ്ടാവുക.
5 എണ്ണം എഴുതിയാൽ മതി.
Question No-1 നിർബന്ധമായും
എഴുതണം.
Question No:1, ഒരു ഖണ്ഡിക തന്ന്
ശ്രദ്ധാപൂർവ്വം അത് വായിച്ച്
താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ
ഉത്തരം എഴുതാനുള്ളതായിരിക്കും
ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം
തെരഞ്ഞെടുക്കണം

→ ഓരോ പ്രവർത്തനം കഴിഞ്ഞാലും
പാഠഭാഗത്തെ സംബന്ധിച്ച്
ഒരു ചോദ്യം ഉണ്ടായിരിക്കും
അത് ഒറ്റവാക്കിൽ ഉത്തരം
എഴുതാനുള്ളതായിരിക്കും.
ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത്
എഴുതിയാൽ മതി.



ആസ്വാദനക്കുറിപ്പ്
തയ്യാറാക്കുക.

താഴെ കാണുന്ന പദ്യഭാഗം വായിച്ച്
ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

"ഇവിടെയുണ്ട് ഞാനെന്നറിയിക്കുവാൻ
മധുരമാമൊരു കൂവൽ മാത്രം മതി.
ഇവിടെയുണ്ടായിരുന്നു
ഞാനെന്നറിയിക്കുവാൻ-
ഒരു വെറും തൂവൽ താഴെയിട്ടാൽ മതി.
ഇനിയുമുണ്ടാകുമെന്നതിനൊരു
സാക്ഷ്യമായ്
അടയിരുന്നതിൻ ചൂട് മാത്രം മതി)

ഇതിലുമേറെ ലളിതമായെങ്ങനെ
കിളികളാവിഷ്കരിക്കുന്നു ജീവനെ"

(ലളിതം -
പി.പി രാമചന്ദ്രൻ

പി.പി രാമചന്ദ്രന്റെ "ലളിതം"
എന്ന കവിത ലളിതമല്ലാത്ത ഒട്ടേറെ

ജീവിതസത്യങ്ങൾ വിളിച്ചുപറയുന്നു.
കവിതയിൽ ആവിഷ്കരിക്കുന്നത്
കിളികളുടെ ജീവിതമാണ്.
മനുഷ്യരെ സംബന്ധിച്ചിടത്തോളം
നിസ്സാരമാണ് കിളികളുടെ ജീവിതം.
പക്ഷേ ജീവിച്ചിരുന്നതിന് അടയാളമായി
അവശേഷിപ്പിക്കുന്നതൊന്നുമില്ലെങ്കിലും ആവിഷ്കരിക്കാനും
കിളികൾ പോലും ശ്രമിക്കുന്നു
എന്നത് മനുഷ്യർക്ക് ലഭിക്കുന്ന
അതിമനോഹരമായ സന്ദേശമാണ്.
പി.പി രാമചന്ദ്രന്റെ കവിത
ഗഹനമായ ജീവിത സത്യങ്ങളെ
ഉദ്ഘോഷിക്കുന്ന രചനാരീതിയാണ് കവി
സ്വീകരിച്ചിട്ടുള്ളത്.
പി.പി രാമചന്ദ്രന്റെ മഴവഴക്കാലം,
കാണെക്കാണെ, കാറ്റേ കടലേ എന്നീ
കവിതകൾ ഏറെ ശ്രദ്ധേയമാണ്.
അദ്ദേഹത്തിന്റെ കവിതയായ "ലൈബ്രേറിയൻ
മരിച്ചതിൽപ്പിന്നെ" - എന്ന കവിത
ഈ അടുത്തകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടു.
നിസ്സാരമെന്ന് മനുഷ്യർ കരുതുന്ന
കിളികളുടെ ജീവിതം മനുഷ്യരെക്കാൾ
സാർത്ഥകമെന്ന് പി.പി രാമചന്ദ്രൻ



വെളിപ്പെടുത്തുന്ന കവിതയാണ് ലളിതം.
സാന്നിധ്യം അറിയിക്കാൻ വെറുമൊരു
കൂവൽ മതി എന്നും ഇവിടെ
ഉണ്ടായിരുന്നു എന്നതിന് ഒരു തൂവൽ
പൊഴിച്ചാൽ മതി എന്നും
പറന്നതിനോടൊപ്പം ഇനിയുമുണ്ടാകും
എന്നതിന് അടയിരുന്നതിന്റെ ചൂട്
മാത്രം മതി എന്നും കവി പറയുന്നു.
വർത്തമാനകാലം, ഭൂതകാലം, ഭാവികാലം
എന്നിവയിലൂടെ ഒരു ജന്മസത്യം
മനോഹരമായി വിടരുന്നതെങ്ങനെയാണെന്ന്
തെളിയിക്കാൻ പി.പി രാമചന്ദ്രന്റെ
"ലളിതം" എന്ന കവിതയ്ക്ക് കഴിയുന്നുണ്ട്.
ഇതിലുമേറെ ലളിതമായെങ്ങനെയാണ്
കിളികൾ ജീവനെ ആവിഷ്കരിക്കുന്നത്
എന്നാണ് കവിയുടെ ചോദ്യം. ജീവിതം
വളരെ ലളിതമാണ്. അനാവശ്യ
ചിന്തകളാൽ അതിന് ഭാരക്കൂടുതൽ
സൃഷ്ടിക്കുന്നതും സങ്കല്പിക്കുന്നതും
മനുഷ്യനാണ്. ലളിതമായ ജീവിതത്തെ
മഹത്വമുള്ളതാക്കിക്കൊണ്ട് കിളികൾ
നൽകുന്ന സന്ദേശം മനുഷ്യന് വലിയ
പാഠം നൽകുന്നു.

# ഒരു ദിനാന്തസഞ്ചാരം

- വള്ളത്തോൾ നാരായണമേനോൻ

## പദപരിചയം

* ദിനാന്തം → ദിനത്തിലെ അന്തം, സന്ധ്യ
* പടിഞ്ഞു → ഉയർത്തി
* ചക്രവാളം → കടലിനറ്റത്ത് ആകാശവും ഭൂമിയും കൂടിമുട്ടുന്ന സ്ഥലം.
* കിണമാൻ → കിന്നാൻ
* ഭംഗ്യാ → മനോഹരമായി
* ക്രമാൽ → ക്രമത്തോടെ
* പൂവല്ലി → പൂക്കളുടെ വള്ളി.
* പ്രായേണ → പലപ്പോഴും



* പത്രങ്ങൾ → ഇലകൾ
* വല്ലീതരുമണ്ഡലം → വൃക്ഷങ്ങളും വള്ളികളും നിറഞ്ഞ സ്ഥലം
* കൺകുളിരെക്കിടന്നു → കണ്ണിന് കുളിർമ നൽകുന്നു.
* പച്ചവർണ്ണം → പച്ച നിറം
* ശില്പജ്ഞർ → ശില്പവിദ്യ അറിയുന്നവർ/ ശില്പികൾ
* ചുകന്ന → ചുവന്ന
* പ്രഭ → പ്രകാശം, ശോഭ
* ചേരുമാറായ് → ചേരുന്നതുപോലെ
* പല്ലവം → തളിര്
* പോക്കുവെയിൽ → വൈകുന്നേരത്തെ വെയിൽ
* വിചിത്രവർണ്ണം → വിവരിക്കാനാകാത്ത വർണ്ണം /വിസ്മയിപ്പിക്കുന്ന നിറം

കുന്നിൻശ്രേഷ്ഠം – ഏറ്റവും ഭംഗി വഹിക്കുന്ന കുന്ന്

ആച്ഛാദനം – മറച്ചുവെയ്ക്കൽ

ശൂന്യം – ഇല്ലാത്തത്

മുകിൽ – മേഘം

താണും – താഴ്ന്നും

നാനാപ്രകാരം – വിവിധതരം

വിലസുന്നു – തിളങ്ങുന്നു.

വൃക്ഷലതാദികൾ – വൃക്ഷവും വള്ളികളും തുടങ്ങിയവ

ഗണം – കൂട്ടം

പഴുതികൾ – പഴുതിൽ

ശൈലം – പർവ്വതം

ഇളം കറുപ്പേന്തിടും → ഇളം കറുപ്പ് നിറം വഹിക്കുന്ന

അംബരാന്തം – ആകാശത്തിന്റെ അറ്റം
ആഴി – കടൽ



## പര്യായപദങ്ങൾ

സഞ്ചാരം – യാത്ര, ഗതി
പുക – ധൂമം, ആവി
വൃക്ഷം – തരു, ദ്രുമം
പുഷ്പം – സൂനം, പൂവ്
പത്രം – ഇല, പർണ്ണം
പച്ച – ഹരിതം, ഹരിത്ത്
പ്രഭ – ഭംഗി, പ്രകാശം
മേഘം – മുകിൽ, നീരദം
ശൈലം – പർവ്വതം, അചലം
അംബരം – ആകാശം, ഗഗനം
സമുദ്രം – കടൽ, ആഴി
ഗണം – കൂട്ടം, സമൂഹം

## പിരിച്ചെഴുതുക

- കിഴക്കുഭാഗത്തകലെ പരന്നു
  → കിഴക്കുഭാഗത്ത് + അകലെ + പരന്നു
- ആദ്യത്തിലാരാൽപുക പോലെ
  → ആദ്യത്തിൽ + ആരാൽ + പുക പോലെ

- നൽപച്ചനിറംപെടുന്നിക്കുന്നത്തെയും
  – നൽ + പച്ചനിറം + പെടുന്ന + ഈ + കിന്ന് + ഉളത്തെയും
- ഇപച്ചവർണ്ണത്തിനിടക്കിടയ്ക്ക്
  → ഈ + പച്ച വർണ്ണത്തിന് + ഇടക്ക് + ഇടക്ക്
- കാണപ്പെടുന്നുണ്ട് – കാണപ്പെടുന്നു + ഉണ്ട്
- രണ്ടിനുമേറെ → രണ്ടിനും + ഏറെ
- പേരുമാറായ് → പേരുമാറ് + ആയ്
- പൂവുണ്ണിവയിക്കലെല്ലാം
  – പൂവ് + എന്നിവയിൽ + എല്ലാം
- കിന്നിത്തേറ്റം → കിന്ന് + ഇത് + ഏറ്റം
- പത്രങ്ങളൊട്ടൊട്ടിരുക്കുന്ന
  – പത്രങ്ങൾ + ഒട്ട് + ഒട്ട് + ഇരുക്കുന്ന
- ഇളംകറുപ്പേന്തിടുമംബരാന്തം –
  ഇളം + കറുപ്പ് + ഏന്തിടും + അംബരാന്തം.



- കാണുന്നിതങ്ങേപ്പുറമായി പോലെ
  → കാണുന്നു + ഇത് + അങ്ങേപ്പുറം + ആയി പോലെ

## മാറ്റിയെഴുതുക

ദിനാന്തം – ദിനത്തിന്റെ അന്തം
→ ദിനാന്തസഞ്ചാരം – ദിനാന്തത്തിലെ സഞ്ചാരം
→ പൂവള്ളികൾ – പൂക്കളുടെ വള്ളികൾ
→ വള്ളിതരുമണ്ഡലം – വള്ളികളുടെയും തരുക്കളുടെയും മണ്ഡലം
→ ചായപ്പണി – ചായം കൊണ്ടുള്ള പണി
→ പോക്കുവെയിൽ – പോകുന്ന വെയിൽ
→ വിചിത്രവർണ്ണം – വിചിത്രമായ വർണ്ണം
→ ശില്പജ്ഞർ – ശില്പകലയിൽ ജ്ഞാനം ഉള്ളവർ
→ വൃക്ഷലതാഗണം – വൃക്ഷങ്ങളുടെയും ലതകളുടെയും ഗണം
→ അംബരാന്തം – അംബരത്തിന്റെ അന്തം

## വായിക്കാം; പറയാം

1. കുന്ന് കണ്ണിന് കുളിരേകുന്നത് എങ്ങനെയാണ്?

→ ഒരു വൈകുന്നേരസഞ്ചാരത്തിന് ഇറങ്ങിയ കവി പ്രകൃതിയുടെ ഭംഗികണ്ട് അമ്പരന്നുനിൽക്കുകയാണ്. ഇലകൾ നിറഞ്ഞു തിങ്ങിനിൽക്കുന്ന മരങ്ങളും വള്ളികളും കൊണ്ട് പലതരം നല്ല പച്ചനിറത്തിൽ മുന്നിൽ കാണുന്ന കുന്ന് കണ്ണിന് കുളിർക്കുന്നു എന്ന് കവി പറയുന്നു

2. കുന്നിന് വിചിത്രവർണ്ണം ലഭിക്കുന്നത് എപ്രകാരമാണ്?

→ സന്ധ്യനേരത്ത് കവിയെ വിസ്മയിപ്പിക്കുന്ന പ്രകൃതിദൃശ്യം വർണ്ണിക്കുന്ന കവിതയാണ് ഒരു ദിനാന്തസഞ്ചാരം. മരങ്ങളുടെ പച്ചിലനിറം, തളിരിലകൾ, പൂക്കൾ, പുല്ല് എന്നിവയിലെല്ലാം സായാഹ്നസൂര്യന്റെ കിരണങ്ങൾ,



പോക്കുവെയിൽ ഏൽക്കുന്നതിനാൽ കുന്ന് വിചിത്രവർണ്ണം വഹിക്കുന്നു.

3. ആഴി പോലെ കാണപ്പെടുന്നത് എന്താണ്?

– സന്ധ്യാസമയത്ത് കവിയെ അത്ഭുതപ്പെടുത്തുന്ന പ്രകൃതിസൗന്ദര്യം വർണ്ണിക്കുന്നു. ഇലകൾ ഒട്ടിനിൽക്കുന്ന, ഇരുണ്ട വൃക്ഷലതാദികളുടെ പഴുതിലൂടെ ഇളംകറുപ്പോടെ കാണുന്ന ആകാശം അപ്പുറത്ത് സമുദ്രം പോലെ കാണപ്പെടുന്നു.

## സാദൃശ്യഭംഗി കണ്ടെത്താം.

1 കാവ്യഭാഗത്ത് കുന്നിനെയും കോട്ടയെയും "പോലെ" എന്ന പ്രയോഗം കൊണ്ട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ രീതിയിൽ "പോലെ" ഉപയോഗിച്ച് സാദൃശ്യപ്പെടുത്തിയ കൂടുതൽ വരികൾ കവിതയിൽ നിന്ന് കണ്ടെത്തി വിശദീകരിക്കുക.

നിങ്ങൾ കണ്ടെത്തിയ വരികളുടെ സാദൃശ്യഭംഗിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

- സായാഹ്നയാത്രയിലെ കാഴ്ചകളാണ് വള്ളത്തോൾ വർണ്ണിക്കുന്നത്. പ്രകൃതി ഭംഗി കാണുമ്പോൾ മറ്റു ചില ഉപമകളോട് ബന്ധപ്പെടുത്തുകയാണ് കവികളുടെ പതിവ്. അതിനെയാണ് സാദൃശ്യകല്പന എന്നു പറയുന്നത്. "പോലെ" എന്ന വാക്കു ചേർത്ത് അനേകം വരികൾ കവിതയിലുണ്ട്.

"ആദ്യത്തിലാരാൽ പച്ചക്കുട പോലെ കണ്ട
ത, ടത്തിടും നമ്മുടെ കാഴ്ചയിങ്കൽ"

"ഇപ്പച്ചവർണ്ണത്തിനിടക്കിടയ്ക്കു
ചില്ലുങ്ങൾ ചായപ്പണി ചെയ്ത പോലെ,
കാണപ്പെടുന്നുണ്ടു ചുകന്ന മണ്ണും."

"ഇക്കറുപ്പെന്നിടുമംബരാന്തം
കാണുന്നിതങ്ങേപ്പുറമാഴി പോലെ."



വിശകലനം ചെയ്യാം

★ "ഇപ്പോക്കുവെയിലേൽക്കുകയാൽ വിചിത്ര-
വർണ്ണം വഹിക്കുന്നിതു കുന്നിതെല്ലാം."

സൂര്യപ്രകാശം കുന്നിലേൽക്കുമ്പോഴുള്ള മാറ്റം എങ്ങനെയാണ് കവി വർണ്ണിച്ചിരിക്കുന്നത് ?

- കവികൾ വർണ്ണനകൾ ഇഷ്ടപ്പെടുന്നവരാണ്. പ്രകൃതി സൗന്ദര്യത്തെ എത്ര വർണ്ണിച്ചാലും കവികൾക്ക് മതിയാകാറില്ല. സന്ധ്യാസമയത്തെ ആകാശം പല നിറമാറ്റങ്ങളോടെയാണ് കാണാറുള്ളത്. സൂര്യൻ അസ്തമിക്കുമ്പോൾ കുന്നിന്റെ വർണ്ണനയാണ് കവി ഇവിടെ നടത്തിയിരിക്കുന്നത്. പോക്കുവെയിൽ ഏൽക്കുമ്പോൾ പല നിറത്തിലാണ് കുന്നുകൾ കാണപ്പെടുന്നത്. മരങ്ങളിലെ പച്ചിലയിലും പൂക്കളിലും പുല്ലിലും പോക്കുവെയിൽ പതിക്കുന്നതു കൊണ്ടാണ് കുന്നിന് നിറവ്യത്യാസം ഉണ്ടാകുന്നത്. മരങ്ങളും ചെടികളും ഈ നിറം മാറ്റം കൊണ്ടാണ് ഭംഗിയേറുന്നതെന്ന് കവി പറയുന്നു.

ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

x — x

വള്ളത്തോൾ നാരായണമേനോൻ (1878-1958)

ആധുനിക കവിത്രയത്തിൽ വള്ളത്തോൾ ശബ്ദസുന്ദരൻ എന്നറിയപ്പെട്ടു. മലബാറിലെ വെട്ടത്തുനാട്ടിലാണ് വള്ളത്തോൾ ജനിച്ചത്. വാല്മീകി രാമായണം മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിനാൽ "കേരളവാല്മീകി" എന്നും വള്ളത്തോൾ അറിയപ്പെടുന്നു. ആധുനിക കവിത്രയങ്ങളിൽ ഏറ്റവും അധികം ദേശസ്നേഹം തുളുമ്പുന്ന കവിതകൾ രചിച്ച കവിയാണ് വള്ളത്തോൾ.

മഗ്ദലനമറിയം, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, കൊച്ചുസീത, സാഹിത്യമഞ്ജരി, കർമ്മഭൂമിയുടെ പിഞ്ചുകാൽ, ബധിരവിലാപം എന്നിവയാണ് കൃതികൾ.

കഥകളിയെ പരിപോഷിപ്പിക്കുന്നതിന്



കേരള കലാമണ്ഡലം ചെറുതുരുത്തിയിൽ സ്ഥാപിച്ചത് വള്ളത്തോളാണ്. പത്മഭൂഷൺ, കവിതിലകൻ തുടങ്ങിയ ബഹുമതികൾ മഹാകവി വള്ളത്തോളിന് ലഭിച്ചിട്ടുണ്ട്.

3

# മനസ്സിലെ കിളി

- ബിമലേന്ദ്ര ചക്രവർത്തി

ബംഗാളി എഴുത്തുകാരനായ ബിമലേന്ദ്ര ചക്രവർത്തിയുടെ പ്രകൃതിസ്നേഹം തുളുമ്പുന്ന ഒരു കഥയാണ് മനസ്സിലെ കിളി. ഈ കഥ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

എല്ലാ മനുഷ്യരുടെ ഉള്ളിലും ഒരു പ്രകൃതി സ്നേഹി ഉണ്ട്. കുട്ടികളിൽ പ്രകൃതി പല വിധത്തിലാണ് പ്രതിഫലിക്കുന്നത്. അതിലൊന്നുമാത്രം ആണ് ജീവജാലങ്ങളോടുള്ള അവരുടെ അടുപ്പം. തിരിച്ചറിവിലേക്ക് നയിക്കുന്നത് പ്രകൃതിസ്നേഹമാണ്. എല്ലാവരുടേയും മനസ്സിൽ ഒരു സ്വതന്ത്ര ആകാശമുണ്ട്. കിളിയുമുണ്ട്. കിളിയെ കൂട്ടിലടക്കുകയല്ല, ആകാശത്തേക്ക് പറത്തുകയാണ് വേണ്ടത് എന്ന അറിവ്, കൂട്ടിലടച്ച പക്ഷി പാടുകയില്ല, കരയുകയേ ഉള്ളൂ എന്ന അറിവ് - ഇതെല്ലാം കുട്ടികൾ മനസ്സിലാക്കുന്നത് പാഠപുസ്തകങ്ങളിൽ നിന്നല്ല.



## വായിക്കാം പറയാം

1. പൂന്തോട്ടത്തിൽ പിക്ലുവിനെ എതിരേറ്റത് ആരെല്ലാം?

→ പിക്ലു എന്ന കുട്ടി എന്നും ഉണരുന്നത് പൂന്തോട്ടത്തിലെ കിളികളുടെ ശബ്ദം കേട്ടുകൊണ്ടാണ്. പൂന്തോട്ടത്തിൽ എത്തുന്ന പിക്ലു പക്ഷികളെ തിരയും. കുരുവി, വായാടിക്കിളി, ബുൾബുൾ തുടങ്ങിയ പലതരം പക്ഷികളാണ് പിക്ലുവിനെ എതിരേറ്റത്.

2. അടുത്ത ദിവസം അതിരാവിലെ പിക്ലു കണ്ട കാഴ്ച എന്തായിരുന്നു?

→ എല്ലാദിവസവും പിക്ലു ഉണരുന്നത് പൂന്തോട്ടത്തിലെ കിളികളുടെ ശബ്ദം കേട്ടുകൊണ്ടാണ്. പ്രകൃതി സ്നേഹിയായ പിക്ലു അന്ന് അതിരാവിലെ എല്ലാവരും നല്ല ഉറക്കത്തിലായിരുന്നു. അപ്പോൾ

ഒരു മൈന കൂട്ടിനകത്തു കിടന്നു പിടയ്ക്കുന്നു. ആ മൈനയുടെ ഒരു കാൽ ചങ്ങല കൊണ്ട് കെട്ടിയിട്ടിരിക്കുകയാണ്. തന്റെ സഹോദരനാണ് അടുത്തുള്ള കാട്ടിൽ നിന്ന് ആ മൈനയെ പിടിച്ചു കൊണ്ടുവന്ന് കൂട്ടിലടച്ചത് എന്നറിഞ്ഞപ്പോൾ അവന് വലിയ സങ്കടമായി

3. കൂട്ടിൽ കിടന്ന മൈനയെ പിങ്കു എന്താണ് ചെയ്തത്?

— പിങ്കു പ്രകൃതിയോടും ജീവജാലങ്ങളോടും വളരെ സ്നേഹമുണ്ടായിരുന്ന കുട്ടിയാണ്. ഒരു ദിവസം കൂട്ടിലടച്ച മൈനയെ അവൻ കണ്ടു. ഇടയ്ക്കിടെ ദയനീയമായി കരഞ്ഞുകൊണ്ട്, ഒന്നും തിന്നാതെ കൂട്ടിൽ കിടന്ന മൈനയെ അവൻ ശുശ്രൂഷിച്ചു. സ്നേഹിച്ചു. മുറിവേറ്റപ്പോൾ ഉണ്ടായ വേദന മറന്ന് ആ മൈന പാടി. അതിനു ശേഷം ആ പക്ഷി ആകാശത്തിലേക്ക് ഉയർന്നു പറന്നു.



4. "എന്നാൽ പിങ്കു ദുഃഖിതനായിരുന്നു" — കാരണമെന്ത്?

→ പിങ്കു പ്രകൃതിസ്നേഹിയായ കുട്ടിയായിരുന്നു. കൂട്ടിലടച്ച നിലയിൽ കണ്ട ഒരു മൈനയെ പിങ്കു ശുശ്രൂഷിക്കുന്നു. മുറിവിൽ കുഴമ്പു പുരട്ടി. കൂടു തുറന്ന ഉടനെ ആ മൈന രക്ഷപ്പെടുകയും ആകാശത്തിലേക്ക് പറന്നുയരുകയും ചെയ്തു. കിഴക്കേ ആകാശത്തിൽ സൂര്യൻ തിളങ്ങി. പൂന്തോട്ടത്തിലെ സുന്ദരപുഷ്പങ്ങൾ പ്രഭാതകിരണങ്ങളാൽ അനുഗ്രഹിക്കപ്പെടുകയും തുമ്പികൾ ചിറകുവിടർത്തി നൃത്തം ചെയ്യുകയും ചെയ്തു. പ്രകൃതി മുഴുവൻ സന്തോഷിക്കുമ്പോഴും പിങ്കു ദുഃഖിതനായിരുന്നു. ആ കുഞ്ഞു മൈന അതിന്റെ അമ്മയെ കണ്ടെത്തുമോ, അതിന് വീട്ടിലേക്കുള്ള വഴി അറിയുമോ?" എന്നറിയാതെ വിഷമത്തോടെ പിങ്കു ആ ദിവസം കഴിച്ചുകൂട്ടി.

5 പിക്കുവിന്റെ സന്തോഷാനുഭവം എന്തായിരുന്നു?

→ താൻ ശുശ്രൂഷിച്ച മൈനക്കുഞ്ഞ് ആകാശത്തേക്ക് പറന്നുയർന്നപ്പോൾ പിക്കു ദുഃഖിതനായിരുന്നു. മൈന അതിന്റെ അമ്മയെ കണ്ടെത്തുമോ? അതിന് വീട്ടിലേക്കുള്ള വഴി അറിയുമോ? എന്നെല്ലാം ഓർത്ത് പിക്കു ദുഃഖിച്ചു. പിക്കുവിനെ അമ്പരപ്പിക്കുന്ന കാഴ്ചയാണ് പിറ്റേദിവസം കണ്ടത്. താൻ കൂട്ടിൽ നിന്നു സ്വതന്ത്രയാക്കിയ മൈന, അവളുടെ അമ്മയുമായി പൂമരക്കൊമ്പിലിരിക്കുന്ന കാഴ്ചയാണ് അവൻ കണ്ടത്. അച്ഛനേയും അമ്മയേയും വിളിച്ച് അവൻ ആഹ്ലാദത്തിമിർപ്പോടെ ആറാടി. തന്റെ മനസ്സിലെ പക്ഷി പറന്നുചെന്ന പ്രകൃതിയിലെ പക്ഷിയെ കണ്ടുമുട്ടിയ സന്തോഷാനുഭവം പിക്കുവിന് ഉണ്ടായി.



# കൂടുതൽ പ്രവർത്തനങ്ങൾ

* പിക്കുവിന്റെ സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പദസൂര്യൻ നിർമ്മിക്കുക

* പിക്കു മൈനയെ ശുശ്രൂഷിച്ച് സ്നേഹിച്ച് ആകാശത്തേക്ക് പറത്തി വിട്ടത് നിങ്ങൾ വായിച്ചല്ലോ. ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടായിട്ടില്ലേ! അതു പങ്കുവെയ്ക്കൂ!

* പിക്കു ആ മൈന പറന്നുപോയപ്പോൾ ചിന്തിച്ച വിഷമം ഊഹിക്കാമോ? അന്ന് പിക്കു ആകാശത്തേക്ക് നോക്കി നിൽക്കുന്ന ചിത്രം വരക്കാമോ?

* മനസ്സിലെ കിളി - എന്ന കഥയിലെ രംഗങ്ങളിൽ ഏറ്റവും ഇഷ്ടപ്പെട്ട രംഗത്തിന് തിരക്കഥ തയ്യാറാക്കുക.

## കഥാപാത്രനിരൂപണം നടത്തുക

**പിക്ലു**

- പ്രകൃതിസ്നേഹം
- സഹജീവിസ്നേഹം - ദയ, കാരുണ്യം, അലിവ്
- മനസ്സിലെ കിളി - സ്വാതന്ത്ര്യബോധം
- എല്ലാവരും സ്നേഹിക്കണം എന്നും ആരും വേദനിക്കരുത് എന്നുമുള്ള മനോഭാവം

★ പിക്ലു ആദ്യം കാണുമ്പോൾ ആ മൈന കൂട്ടിലടക്കപ്പെട്ട നിലയിലായിരുന്നല്ലോ? അതിനെ വീണ്ടും കണ്ടുമുട്ടിയതു വരെയുള്ള കാര്യങ്ങൾ നാം അറിഞ്ഞു. കൂട്ടിലടക്കപ്പെട്ടതുമുതൽ പിക്ലുവിനെ വീണ്ടും കണ്ടുമുട്ടുന്നതുവരെ ആ മൈനക്കുഞ്ഞ് എന്തൊക്കെയായിരിക്കും ചിന്തിച്ചിട്ടുണ്ടാവുക? മൈനയുടെ ദുഃഖവും സന്തോഷവും ഇടകലർന്ന 3 ദിവസത്തെ ഡയറിക്കുറിപ്പ് എഴുതി നോക്കുക.

Day 1

എന്തിനാണ് കൂട്ടിലടക്കപ്പെട്ടതെന്ന് ഓർമയില്ല. എന്താണ് ഞാൻ ചെയ്ത കുറ്റം എന്നും എനിക്കറിയുന്നില്ല. വേദന മാത്രം മനസ്സിൽ നിറയുന്നു. ഒന്നും കഴിക്കണമെന്നില്ല. വിശപ്പുമില്ല

Day 2

ഒരു ദൈവദൂതനാണ് എന്നെ വിടുവിച്ചത്. അവന്റെ പേര് പിക്ലു എന്നാണ്. എന്നെ ശുശ്രൂഷിച്ച് അവൻ കൂട്ടിൽ നിന്ന് വിടുവിച്ചു



Day 3

അമ്മയോട് അത് പറയാൻ ഞാൻ വേഗത്തിൽ പറന്നു. കൂട് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. അമ്മയോട് വിവരങ്ങൾ പറഞ്ഞു. അമ്മയും എന്നെ കാണാതെ സങ്കടത്തിലായിരുന്നു. എല്ലാ മനുഷ്യരും ഒരുപോലെ ക്രൂരരല്ല എന്നും ദൈവദൂതന്മാരായ നല്ലവരും മനുഷ്യരിലുണ്ടെന്ന് അമ്മ പറഞ്ഞു. അമ്മക്ക് പിക്ലുവിനെ കാണാൻ കൊതിയായി. ഞങ്ങൾ പിക്ലുവിന്റെ വീട്ടിലേക്ക് പറന്നു.

## കഥാപാത്രനിരൂപണം — പിക്ലു

പിക്ലുവിന്റെ
കഥാപാത്രനിരൂപണം
— ചാർട്ട് →